[Hon'ble Mr. E. K. Madhavan.]

(b) The variation in prices was due to the fact that there was no control over the selling price of Jaffna tobacco.

(c) No.

(d) This does not arise in view of the answer to part c.

MR. K. RAMAKRISHNA PILLAI: സഹകരണസംഘങ്ങളം മുഖാന്തിരം ജാപ്പാണം പുകയില വിൽപ്പന നടത്താൻ വല്ല ആലോചനയും നടത്തിയിട്ടുണ്ടോ ?

HON'BLE MR. E. K. MADHAVAN: ഗവണ്മെൻറിന് അതു സംബന്ധിച്ച് യാതൊരു അറിവും കിട്ടിയിട്ടില്ല.

Companies in which Government have taken shares.

*251. MR. V. K. VARGHESE (*Pathanamthitta III—General*): Will the Hon'ble Minister for Industries be pleased to state the names of all the Companies in which the Government of Travancore has taken shares and the number of shares taken, the amount of the share value paid, the names of the Directors of all such Companies and the share value to be paid?

HON'BLE MR. T. K. NARAYANA PILLAI: The required statements are placed on the table.

MR. V. K. VARGHESE: അതു സ്റ്റേറുമെൻറു വായിച്ചുകേട്ടാൽ കൊള്ളാം.

HON'BLE MR. T. K. NARAYANA PILLAI: അതു് വായിക്കുന്നതിനു ബുദ്ധിമുട്ടം ഇല്ല. അതു വായിക്കാം.

(The statements were read).

MR. V. K. VARGHESE: ഇതിൽ ഏതെങ്കിലും കമ്പനി ലിക്വിഡേറു ചെയ്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI: ഏതെങ്കിലും കമ്പനി ലിക്വിഡേറു് ചെയ്തിട്ടുള്ളതായി ഗവണ്മെൻറിനറിവില്ല.

MR. THARIATHU KUNJITHOMMAN (*Muvattupuzha II—General*): ഈ അഞ്ചുകോടിയിൽപരം രൂപാ കമ്പനികൾക്കു് കൊടുത്തിട്ടുള്ളതു് ജനപ്രതിനിധിസഭയുടെ അനുവാദത്തോടുകൂടിയാണോ ?

HON'BLE MR. T. K. NARAYANA PILLAI: ഈ മന്ത്രിസഭ വരുന്നതിനു വളരെ മുമ്പാണു കൊടുത്തിട്ടുള്ളതു്.

MR. THARIATHU KUNJITHOMMAN: മന്ത്രിസഭ വന്നതിനുശേഷം ഒരു കമ്പനിയിൽ നിന്നും ഷെയറുകൾ എടുത്തിട്ടില്ലേ ?

* See Appendix II

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : യാതൊരു കമ്പനികളുടേയും ഷെയർ ഗവണ്മെൻറ് എടുത്തിട്ടില്ല.

MR. P. KUNJUKRISHNAN (*Quilon II—General*) : ഫൈനാൻഷ്യൽ ഡീറ്റെയിൽസ് സാധാരണ ഈ സഭയോട് ചോദിച്ചുകൊണ്ടോണ്ടോ കൊടുക്കാറുള്ളത് ?

MR. THARIATHU KUNJITHOMMAN : അപ്പോൾ ഈ മാതിരിയുള്ള കാര്യങ്ങൾ ജനപ്രതിനിധികളോടാലോചിക്കണ്ടായെന്നാണോ

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ അതക്കുറിച്ച് പറയുവാൻ സമയമായിട്ടില്ല.

MR. THARIATHU KUNJITHOMMAN : ഇതു് സംബന്ധിച്ച് പ്രധാനമന്ത്രിയുടെ അഭിപ്രായമെന്താണ് ?

HON'BLE MR. T. K. NARAYANA PILLAI : പ്രധാനമന്ത്രിയുടെ അഭിപ്രായത്തിനു പ്രസക്തിയില്ല.

MR. THARIATHU KUNJITHOMMAN : ജനപ്രതിനിധികളോട് അനുവാദം ചോദിക്കാതെ പൊതു മുതൽ ചെലവാക്കുന്നതു നന്നാണോ ?

HON'BLE MR. T. K. NARAYANA PILLAI : ചെലവാക്കണമെന്നു് പ്രധാനമന്ത്രി ഒരിക്കലും പറഞ്ഞിട്ടില്ല.

MR. JOSEPH MALIECKAL (*Thodupuzha I—General*) : ഈ സംഖ്യകൊണ്ട് ബ്രോക്കേഴ്സു മുഖാന്തിരം ഷെയർ വാങ്ങിക്കുകയും കൊടുക്കുകയും ചെയ്തതിന്റെ ബാലൻസാണോ ?

HON'BLE MR. T. K. NARAYANA PILLAI : നോട്ടീസു കിട്ടിയതിന്റെ ശേഷമേ അതിനു മറുപടി പറയാൻ സാധിക്കുകയുള്ളൂ.

MR. P. S. NATARAJA PILLAI (*Trivandrum V—General*) : Were not these investments made from the surplus which the then Government had ?

HON'BLE MR. T. K. NARAYANA PILLAI : ഇതിൽ കുറെയെല്ലാം സർപ്ലസ്സിൽ നിന്നും കൊടുത്തിട്ടുണ്ട്. ചിലതു് അല്ലാതേയും കൊടുത്തിട്ടുണ്ട്.

MR. P. S. NATARAJA PILLAI : May I know whether any shares were contributed when there was no surplus in the shares of Indian companies ?

HON'BLE MR. T. K. NARAYANA PILLAI : അതിനെപ്പറ്റി ബഡ്ജറ്റ് സൂക്ഷിച്ചു പരിശോധിച്ചതിനുശേഷമേ നിശ്ചിതമായ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

MR. P. M. VARGHESE (*Thodupuzha II—General*) : ഇതിൽ നിന്നും ഗവണ്മെൻറിനു് എന്തൊരായം കിട്ടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ഈ ചോദ്യത്തിന് ഉത്തരം അർഹിക്കാത്തതുകൊണ്ട് ഞാൻ മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

MR. K. A. MATHEW (*Thiruvalla IV—General*) : ഷെയർ വില കുറഞ്ഞതിനുശേഷം ആദ്യം ഉണ്ടായിരുന്നതിൽ കൂടുതൽ വിലയ്ക്കാണോ ഗവണ്മെന്റ് ഷെയറുകൾ എടുത്തിട്ടുള്ളത് ?

HON'BLE MR. T. K. NARAYANA PILLAI : ഷെയറിന്റെ വില കുറഞ്ഞിട്ടാണോ വാങ്ങിയതെന്ന് അതിനെക്കുറിച്ചുള്ള സൂക്ഷ്മവിവരങ്ങൾ അറിയാതെ പറയാൻ തരമില്ല.

MR. PAUL THALIAT (*Parur III—General*) : രണ്ടരകോടി രൂപാ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിക്കാർക്ക് കൊടുത്തതെന്നാണ് ?

HON'BLE MR. T. K. NARAYANA PILLAI : പല സമയത്തായി കൊടുത്തിട്ടുള്ളതാണ്. വേണമെങ്കിൽ ഫയൽ നോക്കി പറയാം. തീയതി നിശ്ചയമില്ല.

MR. PAUL THALIAT : എന്നാണ് കമ്പനി തുടങ്ങിയതെന്ന് പറയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അതും ഇപ്പോഴം പറയാൻ നിവൃത്തിയില്ല.

MR. PAUL THALIAT : എത്ര ലാഭം കിട്ടിയിട്ടുണ്ടെന്നു പറയാൻ സാധിക്കുമോ ?

HON'BLE MR. T. K. NARAYANA PILLAI : അതു ഈ ചോദ്യത്തിൽ നിന്നും ഉത്ഭവിക്കുന്നില്ല.

MR. K. K. CHELLAPPAN PILLAI (*Mavelikara II-General*) : കമ്പനികൾക്ക് വേണ്ടി എടുത്തിട്ടുള്ള ഷെയറുകളുടെ പൊസിഷൻ അറിയുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കാൻ ഗവണ്മെന്റിന് സമ്മതമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതു സംബന്ധിച്ചുള്ള വാദപ്രതിവാദസമയത്തു വേണമെന്നു സഭ തീരുമാനിക്കുന്ന പക്ഷം ഗവണ്മെന്റ് അതു ചെയ്യുന്നതാണ്.

MR. P. M. VARGHESE : ഒരു കമ്പനിയെക്കുറിച്ചു ചോദിക്കുമ്പോൾ അതു ആദായകരമാണോ അല്ലയോ എന്നു ചോദിക്കുന്നതു ഒരു ഔട്ട് സൈഡ് കൊസ്റ്റ്യൻ ആകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ഒരു കമ്പനിയെക്കുറിച്ചല്ല നാറു കമ്പനിയെക്കുറിച്ചാണു ചോദിച്ചിട്ടുള്ളതു്.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ഈ കമ്പനികളെല്ലാം ഇപ്പോൾ ശരിയായി നടക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതേ സംബന്ധിച്ച് അന്വേഷിക്കാം.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : ഇപ്പോൾ ഏതെങ്കിലും തുക ആ കമ്പനിക്കു കടമായി കൊടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോൾ കൊടുത്തിട്ടില്ല.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : ഷെയറു കാം വാങ്ങിക്കുകയും കൊടുക്കുകയും ചെയ്യുന്ന ഏർപ്പാടു ഗവണ്മെൻറിനുണ്ടായിരുന്നോ?

HON'BLE MR. T. K. NARAYANA PILLAI : അതേക്കുറിച്ചൊന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*) : ഇങ്ങനെ ധാരാളം ഷെയറുകാം കമ്പനികളിൽനിന്നും എടുത്തിട്ടുള്ളപ്പോൾ ഇൻഡസ്ട്രിയൽ ലയിസൺ ആഫീസറുമായി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇൻഡസ്ട്രിയൽ ലയിസൺ ആഫീസറുടെ ജോലി ഇതു മാത്രമല്ല. അതെങ്ങനെ വേണമെന്നു നിശ്ചയിക്കേണ്ടതു് ഗവണ്മെൻറാണു്.

HON'BLE MR. T. K. NARAYANA PILLAI: Sir, I claim protection from the President. These supplementary questions do not for a moment arise from the main question that was asked.

MR. PRESIDENT : No discussion is allowed on that. Order, order.

Express Buses.

252 **MR. P. T. CHACKO** (*Kottayam II—General*): Will the Hon'ble Minister for Transport be pleased to state:

(*a*) the number of Express Buses now running in the Kottayam-Vaikom route;

(*b*) the number of trips;

(*c*) the lowest fare, in the said route;

(*d*) the lowest fare for Express transport buses in other routes;

(*e*) whether over-loading of express buses are permitted in this route; and

(*f*) the reasons for allowing over-loading and fixing a minimum fare different from that in other routes?

LIBRARY ARCHIVES Kerala Legislative Assembly